| 4 | കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ താൽക്കാലിക പണ ദുർവിനിയോഗം / ക്രമക്കേടുകളെക്കുറിച്ചുള്ള സ്പെഷ്യൽ ഓഡിറ്റ്. | നം.കെ.എസ്.എ 1691/എസ്.എസ് 4/17 |

## 3.4 2016 -17 ൽ പുറപ്പെടുവിച്ച / തീർപ്പാക്കിയ റിപ്പോർട്ടുകൾ

***2016-17 വർഷം പുറപ്പെടുവിച്ച /തീർപ്പാക്കിയ ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം*** - റിപ്പോർട്ട് വർഷം 3411 ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ചു. ഇതിൽ പ്രസ്തുത വർഷം വരെയുള്ള 1176 റിപ്പോർട്ടുകൾ തീർപ്പാക്കി. 30775 റിപ്പോർട്ടുകൾ 31.03.2017 വരെ തീർപ്പാക്കാൻ നിലവിലുണ്ട്. (വിശദവിവരം **അനുബന്ധം II** ൽ ചേർത്തിട്ടുണ്ട്. )

## 3.5 പുറപ്പെടുവിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ

***2016-17 വർഷം പുറപ്പെടുവിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം*** - റിപ്പോർട്ട് വർഷം 3017 ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ ഈ വകുപ്പ് പുറപ്പെടുവിച്ചു. (വിശദവിവരം **അനുബന്ധം III** ൽ ചേർത്തിട്ടുണ്ട്.)

## 3.6 2016 -17 ൽ ഓഡിറ്റ് കണ്ടെത്തിയ ധനാപഹരണം, ക്രമക്കേടുകൾ

***2016-17 വർഷം കണ്ടെത്തിയിട്ടുള്ള ധനാപഹരണത്തിന്റെയും ഗുരുതര ക്രമക്കേടുകളുടെയും വിവരം*** - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, ദേവസ്വം ബോർഡുകൾ എന്നിവ ഉൾപ്പെടെ വകുപ്പ് ഓഡിറ്റ് ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളുടെയും ഓഡിറ്റ് വേളയിൽ കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ചും ഇതുവരെ തീർപ്പാക്കാതെ അവശേഷിക്കുന്ന ധനാപഹരണം /സാമ്പത്തിക ക്രമക്കേടുകൾ എന്നിവയെ കുറിച്ചുമുള്ള വിശദവിവരം **അനുബന്ധം IV ലും V ലും** ചേർത്തിട്ടുണ്ട്.

## 3.7 തീർപ്പാക്കിയ പെൻഷൻ പേപ്പറുകൾ

***2016-17 വർഷം തീർപ്പാക്കിയ പെൻഷൻ പേപ്പറുകളുടെ വിവരം*** - മുനിസിപ്പാലിറ്റികൾ, നഗരസഭകൾ, വികസന അതോറിറ്റികൾ, ദേവസ്വം ബോർഡുകൾ, സർവ്വകലാശാലകൾ, ഹിന്ദുമതധർമ്മ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, എസ്.ഐ.ഇ.പി, സിൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 2016-17 വർഷം വകുപ്പിൽ ലഭിച്ചതും തീർപ്പാക്കിയതും അവശേഷിക്കുന്നതുമായ പെൻഷൻ കേസുകളുടെ എണ്ണം **അനുബന്ധം VI**-ൽ ചേർക്കുന്നു.

## 3.8 2016- 17 ൽ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ, നിരാകരിച്ച, തടസ്സപ്പെടുത്തിയ തുകകൾ

***2016-17 വർഷം ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ, നിരാകരിച്ച തുക, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരം*** - റിപ്പോർട്ട് വർഷം ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ ആകെ വരവ്, ആകെ ചെലവ്, നിരാകരിച്ച തുക, തടസ്സപ്പെടുത്തിയ തുക, തിരികെ ഈടാക്കിയ തുക എന്നിവയുടെ വിശദ വിവരങ്ങൾ **അനുബന്ധം VII** ൽ ചേർക്കുന്നു.

## 3.9 ഓഡിറ്റ് ചാർജ്

***ഓഡിറ്റ് ചാർജ്*** - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് ചാർജിനത്തിൽ ഈടാക്കുന്ന തുക സർക്കാരിലേയ്ക്ക് ഒടുക്കുന്നു. 31.03.2017 വരെ ഓഡിറ്റ് ചാർജിനത്തിൽ ലഭിക്കാനുണ്ടായിരുന്ന 39,75,82,774/-

രൂപയ്ക്ക് ഡിമാന്റ് പുറപ്പെടുവിക്കുകയും അതിൽ 5,07,78,126 രൂപ 2016-17 കാലയളവിൽ ഓഡിറ്റ് സ്ഥാപനങ്ങളിൽ നിന്ന് സ്വരൂപിച്ച് സർക്കാരിലേയ്ക്ക് ഒടുക്കുകയും ചെയ്തു. (**അനുബന്ധം VIII**). 1968-ലെ കേരള റവന്യൂ റിക്കവറി ആക്ട് പ്രകാരം, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് അനുസരിച്ച് ചുമത്തുന്ന ഓഡിറ്റ് ചാർജ് ഒടുക്കുന്നതിന് ഒരു വർഷത്തിലധികം കാലതാമസം വരുത്തുന്ന ലോക്കൽ അതോറിറ്റികൾക്ക് സർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ ലഭ്യമാകില്ല. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 19(4) പ്രകാരം ഓഡിറ്റ് ചാർജിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും വകുപ്പിനെ അധികാരപ്പെടുത്തിയിട്ടുണ്ട്.

## 3.10 സർചാർജ്

***ചാർജ് / സർചാർജ് നടപടികൾ*** - 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 16-ാം വകുപ്പും 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടത്തിലെ 20-ാം ചട്ടവും പ്രകാരം വരവിനങ്ങളിൽ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം ചാർജ് നടപടിയിലൂടെയും ചെലവിനങ്ങളിലെ നഷ്ടം സർചാർജ് നടപടിയിലൂടെയും ഈടാക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അധികാരമുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച ശേഷം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(2) പ്രകാരമുള്ള ഫർദർ റിമാർക്സ്, 23(3) പ്രകാരമുള്ള ഫർദർ റിപ്പോർട്ട് എന്നിവയിൽ പ്രസക്തമായത് പുറപ്പെടുവിക്കുന്നതോടൊപ്പം പരിഹരിക്കാതെ നില്ക്കുന്ന ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ച നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കാൻ ഡയറക്ടർ ചാർജ്/സർചാർജ് ശുപാർശ അയയ്ക്കുന്നു.

ചട്ടം 20 (2) പ്രകാരം നഷ്ടോത്തരവാദികൾക്ക് ചാർജ് /സർചാർജ് ശുപാർശയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ചാർജ് /സർചാർജ് നോട്ടീസ് അയയ്ക്കുന്നു. നോട്ടീസ് ലഭിച്ച് രണ്ടു മാസത്തിനുള്ളിൽ ഉത്തരവാദിയായ വ്യക്തി തനിക്കെതിരെ ചൂണ്ടിക്കാണിച്ചിട്ടുള്ള നഷ്ടം ലോക്കൽ അതോറിറ്റിയിൽ അടച്ച വിവരമോ സ്വീകാര്യമായ വിശദീകരണമോ ഡയറക്ടർക്ക് നൽകാത്ത പക്ഷം വ്യക്തിക്കെതിരെ ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നു. 2016-17 വർഷത്തിൽ പുറപ്പെടുവിച്ച ചാർജ് /സർചാർജ് നോട്ടീസുകളുടെയും സർട്ടിഫിക്കറ്റുകളുടെയും വിവരം കാണിക്കുന്ന പത്രിക

**അനുബന്ധം IX** ൽ ചേർക്കുന്നു.

## 3.11 ചാരിറ്റബിൾ എൻഡോവ്മെന്റ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചാരിറ്റബിൾ എൻഡോവ്മെന്റുകളുടെ സംസ്ഥാന ട്രഷററായും ചുമതല വഹിക്കുന്നു. ട്രഷററുടെ പേരിൽ ലഭിക്കുന്ന എൻഡോവ്മെന്റ് തുകകൾ ആദ്യം ട്രഷററുടെ പേരിലുള്ള പി.ഡി അക്കൗണ്ടിൽ സൂക്ഷിക്കുകയും സർക്കാരിൽ നിന്നും വെസ്റ്റിംഗ് ഓർഡർ ലഭിക്കുന്നതനുസരിച്ച് ബാങ്കുകളിൽ സ്ഥിരനിക്ഷേപമാക്കി മാറ്റുകയും ചെയ്യുന്നു. ഓരോ വർഷവും ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റർമാർ ഗുണഭോക്താക്കളെ കണ്ടെത്തി തുക ആവശ്യപ്പെടുന്ന മുറയ്ക്ക് പലിശ തുകകൾ വിതരണം ചെയ്യുന്നു. ചാരിറ്റബിൾ എൻഡോവ്മെന്റ് ട്രഷററുടെ പേരിൽ ലഭിക്കുന്ന കോർപ്പസ് തുകകളുടെയും പലിശ തുകകളുടെയും സംക്ഷിപ്തം എല്ലാ വർഷവും സെപ്തംബർ 30 ന് മുൻപായി കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നു.

31.03.2017 വരെ 1324 എൻഡോവ്മെന്റുകളിലായി ആകെ 13,30,16,217/- രൂപ കോർപ്പസ് തുകയായുണ്ട്. ചാരിറ്റബിൾ എൻഡോവ്മെന്റ് തുകയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ **അനുബന്ധം X** ൽ ചേർക്കുന്നു.

# അദ്ധ്യായം - 4
## സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

### 4.1 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23-ഉം 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 25-ഉം പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എല്ലാ വർഷവും സെപ്റ്റംബർ 30 ന് മുൻപായി മുൻ സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്ത റിപ്പോർട്ടുകളിൽ സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരേണ്ട പരാമർശങ്ങൾ / വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സമാഹൃത ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നു. 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 30.09.2016 ന് സർക്കാരിന് സമർപ്പിക്കുകയും സർക്കാർ 28.02.2017 ൽ പ്രസ്തുത റിപ്പോർട്ട് ബഹു . നിയമസഭയിൽ വയ്ക്കുകയും ചെയ്തു.

### 4.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

കേരള നിയമസഭയുടെ പ്രൊസീജിയർ ആന്റ് കൺടക്റ്റ് ഓഫ് ബിസിനസ് റൂൾസ് ഭേദഗതി വരുത്തിയാണ് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. ഈ സമിതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയും 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ അനുബന്ധ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് സ്ഥാപനങ്ങൾക്ക് വേണ്ടിയും വകയിരുത്തിയിട്ടുള്ള കണക്കുകൾ പരിശോധിക്കുകയും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 23 പ്രകാരം ബഹു. കേരള നിയമസഭയുടെ മുൻപാകെ സമർപ്പിക്കുന്ന സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകൾ പരിഗണിക്കുകയും ചെയ്യുന്നു.

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എല്ലാ നിരീക്ഷണങ്ങളെയും സമഗ്രമായി പരിശോധിക്കുകയും അതിൽ ഉൾപ്പെട്ടിട്ടുള്ള നിരീക്ഷണങ്ങളിൽ തെളിവുകൾ ശേഖരിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി നിയമസഭയ്ക്ക് മുന്നിൽ സമർപ്പിക്കുകയും ചെയ്യുന്നു. 08.07.2016 ന് ശ്രീ.കെ.സുരേഷ് കുറുപ്പ് ചെയർമാനായി 2016-19 കാലയളവിലെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി രൂപീകൃതമായി. 2016 -17 വർഷ കാലയളവിൽ സമിതി 11 തവണ യോഗം ചേരുകയും മൂന്ന് റിപ്പോർട്ടുകൾ ബഹു.സഭയിൽ സമർപ്പിക്കുകയും ചെയ്തു.

| ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) | |
|---|---|
| **ചെയർമാൻ** | |
| 1 | ശ്രീ.കെ.സുരേഷ് കുറുപ്പ് |
| **മറ്റംഗങ്ങൾ** | |
| 1 | ശ്രീ.കെ.വി.അബ്ദുൾ ഖാദർ |
| 2 | ശ്രീ.അടൂർ പ്രകാശ് |
| 3 | ശ്രീമതി. ഇ.എസ്.ബിജിമോൾ |
| 4 | ശ്രീ.വി.കെ.സി.മമ്മദ് കോയ |
| 5 | ശ്രീ.എം.കെ.മുനീർ |
| 6 | ശ്രീ.പി.റ്റി.തോമസ് |
| 7 | ശ്രീ.തോമസ് ചാണ്ടി |
| 8 | ശ്രീ.എം.ഉമ്മർ |
| 9 | ശ്രീ.കെ.വി വിജയദാസ് |
| 10 | ശ്രീ.എൻ.വിജയൻ പിള്ള |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പുറപ്പെടുവിച്ച റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ക്രമ നം. | റിപ്പോർട്ട് നം. | വിഷയം | നിയമസഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 1 | LFAC (2016-19) - 4th | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06 മുതൽ 2009-10 വരെയുള്ള കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ | 20.10.2016 |
| 2 | LFAC (2016-19) -6th | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06 മുതൽ 2008-09 വരെയുള്ള തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ | 14.03.2017 |
| 3 | LFAC (2016-19) -7th | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13 ൽ ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ | 14.03.2017 |

## 4.3 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2016 -17 ലെ പ്രവർത്തനങ്ങൾ

| ക്രമ നം. | തീയതി | വിഷയം | റിമാർക്സ് |
|---|---|---|---|
| 1 | 25.08.16 | പ്രഥമയോഗം - ജനറൽ | |
| 2 | 06.09.16 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2014-15, അദ്ധ്യായം - 6 | തെളിവെടുപ്പ് |
| 3 | 18.10.16 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06 മുതൽ 2009-10 കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ - കരട് റിപ്പോർട്ട് പരിഗണന | |
| 4 | 30.11.16 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2013-14 ഖ. 7.1-7.6<br>സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖ.6.14 | തെളിവെടുപ്പ് |
| 5 | 14.12.16 | സമിതി (2004 - 06) റിപ്പോർട്ട് 4<br>സമിതി (2004 - 06) റിപ്പോർട്ട് 14<br>സമിതി (2004 - 06) റിപ്പോർട്ട് 16<br>സമിതി (2006 - 08) റിപ്പോർട്ട് 11<br>സമിതി (2006 - 08) റിപ്പോർട്ട് 15<br>സമിതി (2011 - 14) റിപ്പോർട്ട് 2<br>സമിതി (2011 - 14) റിപ്പോർട്ട് 21 - സർക്കാർ സ്വീകരിച്ച നടപടികൾ - സംബന്ധിച്ച് | |
| 6 | 04.01.17 | സമിതി (2006 - 08) - റിപ്പോർട്ട് 11, ഖ.113 സർക്കാർ സ്വീകരിച്ച നടപടി - സംബന്ധിച്ച്<br>വിവിധ ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് സംവിധാനം- തൊഴിലും പുനരധിവാസവും വകുപ്പ് സെക്രട്ടറിയിൽ നിന്നുള്ള തെളിവെടുപ്പ്,<br>സമിതി (2011 - 14) – റിപ്പോർട്ട് 2, ഖ.6,10,22 എന്നിവയിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി - തെളിവെടുപ്പ്<br>സമിതി (2011 - 14) റിപ്പോർട്ട് 21, ഖ.92 സർക്കാർ സ്വീകരിച്ച നടപടി - തെളിവെടുപ്പ്<br>സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2014 - 15) ഖ. 6.12 – തെളിവെടുപ്പ് | |
| 7 | 11.01.17 | സമിതി (2004 - 06) റിപ്പോർട്ട് 2<br>സമിതി (2011 - 14) റിപ്പോർട്ട് 3<br>സമിതി (2011 - 14) റിപ്പോർട്ട് 19<br>സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് | |
| 8 | 18.01.17 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2005 – 06) ഖ.5.2.1<br>സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2009 – 10) ഖ.2.15 | |

| | | | |
|---|---|---|---|
| | | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2011 – 12) ഖ.6.2.1, 6.2.2<br>സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2013 - 14) ഖ.8.3.1, 8.3.8<br>സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2010 – 11) ഖ 4.1.1<br>സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2012 – 13) ഖ.6.2.1 | |
| 9 | 08.02.17 | സമിതി (2004 - 06) റിപ്പോർട്ട് 5<br>സമിതി (2014 - 16) റിപ്പോർട്ട് 29<br>സർക്കാർ സ്വീകരിച്ച നടപടി - സംബന്ധിച്ച് | |
| 10 | 16.02.17 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2002 - 03)<br>ഖ VII.V3(1),(2),(3),(4),(5),(6)<br>സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2004 - 05)<br>ഖ 8.2.1, 8.2.2, 8.2.3, 8.2.4, 8.2.45<br>സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2005 - 06)<br>ഖ 5.6.1,5.6.2,5.6.3,5.6.4,5.6.5 | |
| 11 | 09.03.17 | സമിതി (2006 - 08) റിപ്പോർട്ട് 16<br>സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2012 - 13)ൽ ഉൾപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണന<br>സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2005 – 06) - (2008 - 09) വരെയുള്ള തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണന. | |

# അദ്ധ്യായം - 5
## വകുപ്പിന്റെ നേട്ടങ്ങൾ

### 5.1 2016 -17 ഓഡിറ്റ് പുരോഗതി

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്തുകയാണ് വകുപ്പിന്റെ പ്രധാനപ്പെട്ട ചുമതല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പെർഫോമൻസ് ഗ്രാന്റ് ലഭിക്കുന്നതിനായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2014-15 വരെയുള്ള ഓഡിറ്റ് 2016 ആഗസ്റ്റിനകം പൂർത്തീകരിക്കുകയും തുടർന്ന് 2015-16 വർഷത്തെ ഓഡിറ്റ് 2017 മാർച്ച് 31 – നുള്ളിൽ പൂർത്തീകരിക്കാനും കഴിഞ്ഞു. ഇത് വകുപ്പ് കൈവരിച്ച ഏറ്റവും വലിയ നേട്ടമായിരുന്നു. ഇപ്രകാരം 2015-16 വർഷത്തെ ഓഡിറ്റ് പൂർത്തീകരിച്ചത് വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് കുടിശ്ശിക രഹിതമായി.

| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | ഓഡിറ്റ് ചെയ്യേണ്ട സ്ഥാപന ങ്ങളുടെ എണ്ണം | ഓഡിറ്റ് ചെയ്ത സ്ഥാപ നങ്ങ ളുടെ എണ്ണം | ഓഡിറ്റിന് സമർപ്പി ക്കേണ്ട വാർഷിക കണക്കുക ളുടെ എണ്ണം | ഓഡിറ്റി ന് ലഭിച്ച വാർഷിക കണക്കുക ളുടെ എണ്ണം | ഓഡിറ്റ് ചെയ്ത വാർഷിക കണക്കുക ളുടെ എണ്ണം | ഓഡിറ്റ് ചെയ്യാ നുള്ള വാർഷിക കണക്കുക ളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 941 | 941 | 941 | 1854 | 1854 | 0 |
| 2 | ബ്ലോക്ക്പഞ്ചായത്ത് | 152 | 152 | 152 | 246 | 246 | 0 |
| 3 | ജില്ലാപഞ്ചായത്ത് | 14 | 14 | 14 | 20 | 20 | 0 |
| 4 | മുനിസിപ്പൽ കൗൺസിൽ | 87 | 87 | 87 | 143 | 143 | 0 |
| 5 | മുനിസിപ്പൽ കോർപ്പറേഷൻ | 6 | 6 | 6 | 12 | 12 | 0 |
| 6 | സർവ്വകലാശാല | 10 | 10 | 10 | 23 | 23 | 0 |

### 5.2 ഓഡിറ്റ് മാനുവൽ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഓഡിറ്റിന്റെ കാര്യക്ഷമത ഉയർത്തുക വഴി സാദ്ധ്യമാകുമെന്ന നാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് 'ഓഡിറ്റ് മാനുവൽ' തയ്യാറാക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

സുസ്ഥിരവികസനം ഉറപ്പാക്കുന്നതിന് കേരള സർക്കാർ രൂപീകരിച്ചിട്ടുള്ള കെ.എൽ.ജി.എസ്.ഡി.പി (Kerala Local Government Service Delivery Project / തദ്ദേശ മിത്രം) മുഖേന ലോകബാങ്ക് ഫണ്ട് ഉപയോഗിച്ചാണ് ഓഡിറ്റ് മാനുവൽ തയ്യാറാക്കുന്നത്.

ലോകബാങ്കിന്റെ പദ്ധതി നിർവ്വഹണരീതി അവലംബിച്ച് ഓഡിറ്റ് മാനുവൽ നിർമ്മാണം സുതാര്യമായ പ്രൊക്യൂവർമെന്റ് രീതിയിലൂടെ സർക്കാർ അംഗീകരിച്ച വിഷയ നിർദ്ദേശങ്ങൾ പ്രകാരം താൽപര്യപത്രം ക്ഷണിച്ച്, സാങ്കേതിക പ്രാപ്തി വിശകലനം നടത്തി, കുറഞ്ഞ തുക ക്വോട്ട് ചെയ്ത **മെസ്സേഴ്സ് പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് ലിമിറ്റഡ് (M/S. Pricewaterhouse Coopers Pvt.Ltd)** എന്ന സ്ഥാപനമാണ് കരാർ ഏറ്റെടുത്തത്. ഈ സ്ഥാപനവുമായി നികുതികൾ ഉൾപ്പെടെ 84 ലക്ഷം രൂപയ്ക്ക് 05.01.2017 ന് കെ.എൽ.ജി.എസ്.ഡി.പി കരാറിലേർപ്പെടുകയും 10.01.2017 -ൽ ഓഡിറ്റ് മാനുവൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. കരാർ പ്രകാരം 31.05.2017 നകം ഓഡിറ്റ് മാനുവൽ പൂർണ്ണമാക്കി അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കണം.

ഓരോ ഓഫീസിലും ഈ ആവശ്യത്തിലേയ്ക്ക് പ്രത്യേകമായ ഓഫീസ് മീറ്റിങ്ങുകൾ കൂടുകയും ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പ്രത്യേകതകളും പരിഗണിച്ച് ഓഡിറ്റ് മാനുവലിന്റെ രൂപീകരണത്തിനാവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. സമയബന്ധിതമായി ഓഡിറ്റ് മാനുവൽ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, വകുപ്പിനേയും ഏജൻസിയേയും സഹായിക്കുന്നതിനുമായി മുരളീദാസ്. എസ് ( സീനിയർ ഡെപ്യൂട്ടി ഡയറക്ടർ) തലവനായി റാം മനോഹർ വി.കെ, ജിനേഷ് വി.എം. (ഓഡിറ്റ് ഓഫീസർമാർ) എന്നിവരടങ്ങുന്ന ഒരു ലെയ്സൺ ടീമിനെ ധനകാര്യ എസ്റ്റാ - ഡി വകുപ്പിന്റെ ഉത്തരവ് നം.9566/16/ധന തീയതി 13.12.16 പ്രകാരം സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഇൻസെപ്ഷൻ റിപ്പോർട്ടിന്റെ കരട് 31.01.2017 ലും അന്തിമ ഇൻസെപ്ഷൻ റിപ്പോർട്ട് 16.02.2017 ലും PWC സമർപ്പിച്ചു.

## 5.3 എയിംസ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റുമായും ഓഡിറ്റ് റിപ്പോർട്ടുമായും ബന്ധപ്പെട്ട ജോലികൾ കാര്യക്ഷമമായും, സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് കെൽട്രോണിന്റെ സഹായത്തോടെ വികസിപ്പിച്ചിട്ടുള്ള സാങ്കേതിക സംവിധാനമാണ്

എയിംസ് സോഫ്റ്റ്‌വെയർ. വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് സ.ഉ. (സാധാ)നം.1366/2011/ധന, തീയതി: 24-02-2011 പ്രകാരം അനുമതി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് എയിംസ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും,മിസലേനിയസ് സ്ഥാപനങ്ങളുടെയും ഓഡിറ്റ് നിർവ്വഹിക്കുന്ന ജില്ലാ ഓഡിറ്റ് ഓഫീസുകളിലാണ് എയിംസ് സോഫ്റ്റ്‌വെയർ പ്രാരംഭഘട്ടത്തിൽ നടപ്പാക്കിയത്. 2014 ജനുവരി മുതൽ കോഴിക്കോട് ജില്ലാ ഓഡിറ്റ് ഓഫീസിൽ എയിംസ് സോഫ്റ്റ്‌വെയർ പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി നടപ്പാക്കിയതിന് ശേഷം മറ്റ് ജില്ലാ ഓഡിറ്റ് ഓഫീസുകളിൽ ഓഡിറ്റുമായും ,ഓഡിറ്റ് റിപ്പോർട്ടുമായും ബന്ധപ്പെട്ട ജോലികൾ എയിംസ് സോഫ്റ്റ്‌വെയർ മുഖേന നിർവ്വഹിച്ചു തുടങ്ങി. കൂടാതെ കൺകറന്റ് മുനിസിപ്പൽ ഓഡിറ്റ് ഓഫീസുകളിലും, കോർപ്പറേഷൻ ഓഡിറ്റ് ഓഫീസുകളിലും എയിംസ് സോഫ്റ്റ്‌വെയർ നടപ്പാക്കിയിട്ടുണ്ട്.

ഓഡിറ്റ് ജോലികളുമായി ബന്ധപ്പെട്ട് എയിംസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന സാങ്കേതിക സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

- ഓഡിറ്റ് നിർവ്വഹണത്തിനുള്ള വാർഷിക ഓഡിറ്റ് പ്ലാൻ തയ്യാറാക്കുക
- ഓഡിറ്റ് സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ പത്രികകൾ ഓൺലൈനായി (ഇ-സബ്മിഷൻ മുഖേന) സ്വീകരിക്കുക
- പ്രതിമാസ യാത്രാപരിപാടി തയ്യാറാക്കുക
- ഓഡിറ്റ് ബാച്ച് അംഗങ്ങൾക്കുള്ള ജോലി വിഭജനം
- ഓഡിറ്റ് റിക്വിസിഷൻ,ഒബ്ജക്ഷൻ സ്റ്റേറ്റമെന്റ് എന്നിവ തയ്യാറാക്കി നൽകൽ
- ഓഡിറ്റ് നോട്ട് തയ്യാറാക്കൽ
- ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി പുറപ്പെടുവിക്കൽ
- ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള സ്ഥാപനത്തിന്റെ റെക്ടിഫിക്കേഷൻ റിപ്പോർട്ട് സ്വീകരിക്കൽ
- പുന:രഭിപ്രായക്കുറിപ്പ് പുറപ്പെടുവിക്കൽ
- പുന:റിപ്പോർട്ട് പുറപ്പെടുവിക്കൽ
- ചാർജ്/സർച്ചാർജ് പ്രൊപ്പോസൽ, നോട്ടീസ് എന്നിവ പുറപ്പെടുവിക്കൽ.

2017-18 സാമ്പത്തിക വർഷം മുതൽ സർവ്വകലാശാല ഓഡിറ്റ് ഓഫീസുകൾ ഉൾപ്പെടെ വകുപ്പിന് കീഴിലെ എല്ലാ ഓഡിറ്റ് ഓഫീസുകളിലും എയിംസ് സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നിയമസഭ അക്കൗണ്ട്സ് കമ്മിറ്റിയുടെ തുടർ നടപടികളും, ചാരിറ്റബിൾ എൻഡോവ്മെന്റിന്റെ പ്രവർത്തനങ്ങളും എയിംസ് സോഫ്റ്റ്‌വെയറിന്റെ ഭാഗമായി നിർവ്വഹിക്കുന്നതിനുള്ള മൊഡ്യൂൾ വികസിപ്പിക്കുന്നതിന്റെ പ്രാരംഭനടപടികളും ആരംഭിച്ചിട്ടുണ്ട്.

## 5.4 ഇ - ഓഫീസ്

ഇ-ഓഫീസ് കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ (NeGP)ഭാഗമായി നടപ്പാക്കി വരുന്ന ഒരു മിഷൻ മോഡ് സംരംഭമാണ്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം സർക്കാർ ഓഫീസുകളുടെ പ്രവർത്തനവും ഫയലിംഗ് സംവിധാനവും സുതാര്യമാക്കുകയും അതിലൂടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയുമാണ്.

ഇ-ഓഫീസ് സംവിധാനം വകുപ്പിൽ നടപ്പിലാക്കുന്നതിനു വേണ്ടി 18.04.2015 ലെ സ. ഉ. (സാധാ)4024/15/ധന പ്രകാരം 8,12,491/- രൂപ അനുവദിച്ച് നൽകിയിരുന്നു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) എന്ന സ്ഥാപനമാണ് ഈ സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി ടെക്നിക്കൽ സപ്പോർട്ട് നൽകുന്ന ഏജൻസി. വകുപ്പിന്റെ ഫയൽ മാനേജ്മെന്റ് സിസ്റ്റം പുന:ക്രമീകരിക്കുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഓഫീസിൽ ലഭിക്കുന്ന തപാലുകൾ സ്കാൻ ചെയ്ത് ഇലക്ട്രോണിക്ക് ഫയലാക്കി മേൽ നടപടികൾ സ്വീകരിക്കുക, ഇ-ഫയലുകളുടെ മൂവ്മെന്റ് പ്രസ്തുത സംവിധാനം വഴി പരിശോധിക്കുക എന്നിവയാണ് ഇതിലൂടെ പ്രാവർത്തികമാക്കുന്നത്.

ആദ്യ ഘട്ടം എന്നുള്ള നിലയ്ക്ക് ഇ-ഓഫീസ് സംവിധാനം ഡയറക്ടറേറ്റിൽ 06/2015 മുതൽ നടപ്പിലാക്കി. ഡയറക്ടറേറ്റിലെ 81 യൂസേഴ്സിന് ഉപയോഗിക്കുന്നതിനുവേണ്ടി NIC യുടെ സഹായത്തോടെ ഇ-ഓഫീസ് സോഫ്റ്റ്‌വെയർ പരിഷ്കരിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം സുഗമമായി പ്രവർത്തിക്കുന്നതിനുവേണ്ടി ഡയറക്ടറേറ്റിലെ മെയിൻ ഓഫീസിലും അനക്സിലും structured networking ജോലികൾ പൂർത്തീകരിച്ച് KSWAN connectivity എല്ലാ സെക്ഷനുകളിലും ലഭ്യമാക്കിയിട്ടുണ്ട്. തൻവർഷം ആകെ 557 ഫയലുകൾ ഇ-ഓഫീസ്

സംവിധാനത്തിലൂടെ തീർപ്പാക്കിയിട്ടുണ്ട്. ഐ.ടി, റൂൾസ്, ഒ & എം എന്നീ സെക്ഷനുകളിൽ പൂർണ്ണമായും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. മറ്റു സെക്ഷനുകളിലും അധികം വൈകാതെ തന്നെ ഇ-ഓഫീസ് സംവി2ധാനം നടപ്പിലാക്കി, ഡയറക്ടറേറ്റിൽ ലഭിക്കുന്ന എല്ലാ തപാലുകളും ഫയലുകളും ഇലക്ട്രോണിക് ഫയലുകളായി മാറ്റി തുടർനടപടികൾ സ്വീകരിക്കാനുള്ള സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ട്. 2017 വർഷാവസാനത്തോടെ ഡയറക്ടറേറ്റ് പൂർണ്ണമായും പേപ്പർലെസ് ഓഫീസ് ആക്കുവാനുള്ള ആക്ഷൻ പ്ലാൻ ആണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

രണ്ടാം ഘട്ടമായി തിരുവനന്തപുരം ജില്ലയിലെ KSWAN connectivity ഉള്ള മറ്റു സബ് ഓഫീസുകളിലും, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### 5.5 ഭരണഭാഷ -മലയാളം

ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു വരികയാണ്. മാനുവലുകൾ, ഫോമുകൾ, രജിസ്റ്ററുകൾ, ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, ചട്ടങ്ങൾ എന്നിവയുടെ മലയാള തർജ്ജിമ അന്തിമഘട്ടത്തിലാണ്. ഇംഗ്ലീഷിൽ കത്തിടപാടുകൾ നടത്തേണ്ട അനിവാര്യമായ ഘട്ടങ്ങളിൽ പോലും നോട്ട് ഫയൽ മലയാളത്തിൽ കൈകാര്യം ചെയ്തുവരുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഔദ്യോഗിക ഭാഷ മലയാളമായി പ്രഖ്യാപിച്ച 1.1.1992 മുതൽ തന്നെ 'എല്ലാ ഓഫീസ് ഇടപാടുകളും നൂറു ശതമാനം മലയാളത്തിലാക്കുക' എന്ന ലക്ഷ്യം നേടുന്നതിനായി  വകുപ്പ് ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ മലയാളത്തിലാണ് തയ്യാറാക്കുന്നത്.

എല്ലാ വർഷവും നവംബർ 1 മുതൽ ഒരാഴ്ച ഭരണഭാഷാ വാരാഘോഷം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സാഹിത്യ സാംസ്കാരിക പരിപാടികൾ നടത്തുന്നു. 2016 നവംബറിൽ നടത്തിയ ഭരണഭാഷാ വാരാഘോഷത്തിന്റെ റിപ്പോർട്ട് 29.11.2016 ലെ കെ.എസ്.എ./17809/ആർ.2/2016 - ാം നമ്പർ കത്ത് പ്രകാരം സർക്കാരിന് സമർപ്പിച്ചു.

ജില്ലാ തലത്തിലും വകുപ്പ് തലത്തിലും രൂപീകരിച്ച ഔദ്യോഗിക ഭാഷാ സമിതികളെ

പുനഃസംഘടിപ്പിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഔദ്യോഗിക ഭാഷാ പുരോഗതി സംബന്ധിച്ച് സബ്ഓഫീസുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ത്രൈമാസപത്രികകളായി സർക്കാരിന് സമർപ്പിച്ച് വരുന്നു. തൻവർഷം ഔദ്യോഗിക ഭാഷാ പുരോഗതിക്ക് വേണ്ടി 60000/- രൂപ സർക്കാർ അനുവദിച്ചു.

## 5.6 മട്ടാഞ്ചേരി പാലം - ടോൾ പിരിവ് - നഷ്ടപരിഹാരം – പ്രത്യേക റിപ്പോർട്ട്

16.08.2016 - ലെ 27361 /ഡി 2 /2015 പൊ.മ.വ നമ്പർ കത്തിൽ വിശദമാക്കിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ മട്ടാഞ്ചേരി പാലം ടോൾ പിരിവിനത്തിൽ ഗാമൺ ഇന്ത്യാ ലിമിറ്റഡിന് നഷ്ട പരിഹാരമായി 30 കോടി രൂപ നൽകുവാനുള്ള നെഗോസിയേഷൻ കമ്മിറ്റിയുടെ തീരുമാനം പരിശോധിച്ചു. കരാർ വ്യവസ്ഥ പ്രകാരവും, കമ്പനി സമർപ്പിച്ച ടോൾ പിരിവിന്റെ വർഷം തിരിച്ചുള്ള കണക്കിന്റെ അടിസ്ഥാനത്തിലും 2003 - 04 ന് ശേഷം കാലാകാലം ടോൾ നിരക്ക് പുതുക്കാത്തതിന്റെ പേരിൽ സർക്കാരിൽ നിന്നും കരാർ കാലാവധി അവസാനിപ്പിച്ച 27.04.2014 വരെ കമ്പനിയ്ക്ക് അവകാശപ്പെടാവുന്ന പരമാവധി നഷ്ടപരിഹാര തുക പലിശയടക്കം 16,23,34,444/-രൂപ (പതിനാറുകോടി ഇരുപത്തിമൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി നാന്നൂറ്റി നാൽപ്പത്തി നാല് രൂപ) മാത്രം ആണ്. പരിശോധനയിലൂടെ കണ്ടെത്തായ മറ്റ് പ്രസക്ത വിവരങ്ങളും, വിശദാംശങ്ങളും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഈ റിപ്പോർട്ട് 03.09.2016 ൽ തുടർനടപടികൾക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ചു.

# അദ്ധ്യായം - 6
## വകുപ്പ് നേരിടുന്ന വെല്ലുവിളികൾ

### 6.1 ഭൗതിക സാഹചര്യകുറവ്

വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും ഓഡിറ്റ് നിർവ്വഹിക്കാൻ മതിയായ ജീവനക്കാരില്ലാത്തതും മുഴുവൻ ജില്ലാ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടമില്ലാത്തതും വകുപ്പിന്റെ പ്രധാന പോരായ്മകളാണ്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് പട്ടികയിൽ ഉൾപ്പെടാത്തതും സർക്കാർ ഉത്തരവ് വഴി ഓഡിറ്റ് ചുമതലപ്പെടുത്തിയിട്ടുള്ളതുമായ സ്ഥാപനങ്ങളുടെ ഓഡിറ്റ് സമയബന്ധിതമായി തുടങ്ങാനും പൂർത്തീകരിക്കാനും കഴിയാതെ വരുന്നതും ഓഡിറ്റ് റിപ്പോർട്ടിൻ മേലുള്ള നിയമപരമായ തുടർനടപടികൾ സമയക്രമം പാലിച്ച് നിർവ്വഹിക്കാൻ കഴിയാതെ വരുന്നതും ജീവനക്കാരുടെ അപര്യാപ്തത മൂലമാണ്.

വകുപ്പിന്റെ കീഴിലുള്ള അഞ്ച് ജില്ലാ ഓഫീസുകൾ ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പൂർണ്ണ സജ്ജമായ കെട്ടിടങ്ങൾ ജില്ലാ ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണ്.

നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ധനകാര്യ വകുപ്പിന്റെ ഭരണപരമായ നിയന്ത്രണത്തിൻ കീഴിലാണ് പ്രവർത്തിക്കുന്നത്. സ്വതന്ത്രവും സുഗമവുമായ ഓഡിറ്റിന് വകുപ്പ് എല്ലാ വിധത്തിലുമുള്ള ബാഹ്യമായ ഇടപെടലുകളിൽ നിന്നും സ്വതന്ത്രമാകേണ്ടതുണ്ട്.

### 6.2 തടസ്സങ്ങളുടെ തീർപ്പാക്കൽ

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ) ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ക്രമക്കേടുകളും ന്യൂനതകളും പരിഹരിച്ച് ഒരു റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് സമിതിയുടെ തീരുമാനപ്രകാരം നിർവ്വഹണാധികാരി ഓഡിറ്റ് വകുപ്പിന് നല്കണം. മുനിസിപ്പാലിറ്റികളും സമാന രീതിയാണ് ഈ കാര്യത്തിൽ പാലിക്കേണ്ടത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് നിയമാനുസൃതമായ നടപടികൾ യഥാസമയം ഉണ്ടാകുന്നില്ല. ഇതിനാവശ്യമായ പരിശ്രമം നടക്കാത്തതിനാൽ വർഷാവർഷം തീർപ്പാക്കാത്ത ഓഡിറ്റ് തടസ്സങ്ങൾ കൂടി വരുന്നു.

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# I ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ പത്രിക

| അനുബന്ധം - I | | | | | | | |
|---|---|---|---|---|---|---|---|
| 2016-17 വർഷം ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ വിവരം കാണിക്കുന്ന പത്രിക | | | | | | | |
| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | ഓഡിറ്റ് ചെയ്യേണ്ട സ്ഥാപനങ്ങളുടെ എണ്ണം | ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം | ഓഡിറ്റിന് സമർപ്പിക്കേണ്ട വാർഷിക കണക്കുകളുടെ എണ്ണം | ഓഡിറ്റിന് ലഭിച്ച വാർഷിക കണക്കുകളുടെ എണ്ണം | ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ എണ്ണം | ഓഡിറ്റ് ചെയ്യാനുള്ള വാർഷിക കണക്കുകളുടെ എണ്ണം |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | ഗ്രാമ പഞ്ചായത്ത് | 941 | 941 | 941 | 1854 | 1854 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 152 | 151 | 152 | 246 | 246 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 14 | 11 | 14 | 20 | 20 | 0 |
| 4 | മുനിസിപ്പൽ കൗൺസിൽ | 87 | 87 | 87 | 143 | 143 | 0 |
| 5 | മുനിസിപ്പൽ കോർപ്പറേഷൻ | 6 | 6 | 6 | 12 | 12 | 0 |
| 6 | യൂണിവേഴ്സിറ്റി | 10 | 10 | 23 | 17 | 17 | 0 |
| 7 | ദേവസ്വം ബോർഡ് | 3152 | 287 | 10200 | 1450 | 493 | 957 |
| 8 | ക്ഷേമനിധി ബോർഡുകൾ | 21 | 15 | 92 | 69 | 36 | 33 |
| 9 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 1 | 1 | 1 | 1 | 1 | 0 |
| 10 | എസ് ഐ ഇ പി | 1 | 1 | 1 | 3 | 2 | 1 |
| 11 | വികസന അതോറിറ്റികൾ | 4 | 3 | 4 | 10 | 5 | 5 |
| 12 | സിൽ | 1 | 1 | 1 | 3 | 2 | 1 |
| 13 | കെ എച്ച് ആർ ഡബ്ല്യ എസ് | 3 | 2 | 17 | 12 | 2 | 10 |
| 14 | അനാഥാലയങ്ങൾ | 908 | 799 | 935 | 919 | 861 | 58 |
| 15 | ആശുപത്രി വികസന സമിതികൾ | 2773 | 433 | 3429 | 2319 | 662 | 1657 |
| 16 | ലൈബ്രറി കൗൺസിൽ | 88 | 76 | 89 | 81 | 75 | 6 |
| 17 | സാംസ്കാരിക സ്ഥാപനങ്ങൾ | 55 | 48 | 62 | 50 | 43 | 7 |
| 18 | വഖഫ് ബോർഡ് | 1 | 1 | 1 | 1 | 1 | 0 |
| 19 | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ | 14 | 14 | 44 | 23 | 22 | 1 |
| 20 | മറ്റ് സ്ഥാപനങ്ങൾ | 142 | 78 | 160 | 130 | 92 | 38 |
| **ആകെ** | | **8374** | **2965** | **16259** | **7363** | **4589** | **2774** |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# II ഓഡിറ്റ് റിപ്പോർട്ട് പത്രിക

| അനുബന്ധം-II | | | | | | |
|---|---|---|---|---|---|---|
| 2016-17ൽ പുറപ്പെടുവിച്ച /തീർപ്പാക്കിയ /തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം കാണിക്കുന്ന പത്രിക | | | | | | |
| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | വർഷാരംഭം തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | | തീർപ്പാക്കിയ ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | 31.3.2017ന് തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം |
| | | | എണ്ണം | ആകെ | | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | ഗ്രാമ പഞ്ചായത്ത് | 20515 | 1780 | 22295 | 48 | 22247 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2148 | 140 | 2288 | 1 | 2287 |
| 3 | ജില്ലാ പഞ്ചായത്ത് | 258 | 22 | 280 | 0 | 280 |
| 4 | മുനിസിപ്പൽ കൗൺസിൽ | 1560 | 135 | 1695 | 5 | 1690 |
| 5 | മുനിസിപ്പൽ കോർപ്പറേഷൻ | 276 | 13 | 289 | 0 | 289 |
| 6 | യൂണിവേഴ്സിറ്റി | 191 | 9 | 200 | 0 | 200 |
| 7 | ദേവസ്വം ബോർഡ് | 2753 | 105 | 2858 | 0 | 2858 |
| 8 | ക്ഷേമനിധി ബോർഡുകൾ | 101 | 13 | 114 | 0 | 114 |
| 9 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 39 | 1 | 40 | 0 | 40 |
| 10 | എസ് ഐ ഇ പി | 66 | 2 | 68 | 0 | 68 |
| 11 | വികസന അതോറിറ്റികൾ | 70 | 7 | 77 | 0 | 77 |
| 12 | സിൽ | 35 | 1 | 36 | 2 | 34 |
| 13 | കെ എച്ച് ആർ ഡബ്ല്യ എസ് | 6 | 2 | 8 | 0 | 8 |
| 14 | അനാഥാലയങ്ങൾ | 28 | 678 | 706 | 706 | 0 |
| 15 | ആശുപത്രി വികസന സമിതികൾ | 266 | 323 | 589 | 265 | 324 |
| 16 | ലൈബ്രറി കൗൺസിൽ | 16 | 66 | 82 | 65 | 17 |
| 17 | സാംസ്കാരിക സ്ഥാപനങ്ങൾ | 4 | 41 | 45 | 33 | 12 |
| 18 | വഖഫ് ബോർഡ് | 11 | 0 | 11 | 0 | 11 |
| 19 | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ | 159 | 17 | 176 | 0 | 176 |
| 20 | മറ്റ് സ്ഥാപനങ്ങൾ | 38 | 56 | 94 | 51 | 43 |
| | **ആകെ** | **28540** | **3411** | **31951** | **1176** | **30775** |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## III ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ പത്രികകൾ

| അനുബന്ധം III | | | |
|---|---|---|---|
| 2016-17 വർഷം പുറപ്പെടുവിച്ച അർഹത/വിനിയോഗ/ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം കാണിക്കുന്ന പത്രിക | | | |
| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | പുറപ്പെടുവിച്ച സർട്ടിഫിക്കറ്റുകളുടെ എണ്ണം | തുക |
| (1) | (2) | (3) | (4) |
| 1 | ഗ്രാമ പഞ്ചായത്ത് | 1468 | 10903298915.00 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 172 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 12 | 862579229.00 |
| 4 | മുനിസിപ്പൽ കൗൺസിൽ | 129 | 2677433144.88 |
| 5 | മുനിസിപ്പൽ കോർപ്പറേഷൻ | 11 | 3165553410.67 |
| 6 | യൂണിവേഴ്സിറ്റി | 244 | 703670152.00 |
| 7 | ദേവസ്വം ബോർഡ് | 0 | 0 |
| 8 | ക്ഷേമനിധി ബോർഡുകൾ | 0 | 0 |
| 9 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 1 | 875283000.00 |
| 10 | എസ് ഐ ഇ പി | 1 | 30602335.00 |
| 11 | വികസന അതോറിറ്റികൾ | 3 | 0 |
| 12 | സിൽ | 1 | 43370000.00 |
| 13 | കെ എച്ച് ആർ ഡബ്ല്യു എസ് | 0 | 0 |
| 14 | അനാഥാലയങ്ങൾ | 654 | 497540277.97 |
| 15 | ആശുപത്രി വികസന സമിതികൾ | 127 | 17053769.00 |
| 16 | ലൈബ്രറി കൗൺസിൽ | 54 | 273535219.00 |
| 17 | സാംസ്കാരിക സ്ഥാപനങ്ങൾ | 42 | 1550697506.83 |
| 18 | മറ്റ് സ്ഥാപനങ്ങൾ | 98 | 179442446.60 |
| ആകെ | | **3017** | **21780059405.95** |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## IV ധനദുർവിനിയോഗ വിവരം പത്രിക

| അനുബന്ധം-IV | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2016-17 വർഷം ധനദുർവിനിയോഗമായി കണ്ടെത്തിയ ഇടപാടുകളുടെ വിവരം കാണിക്കുന്ന പത്രിക | | | | | | | | | |
| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | വർഷാരംഭത്തിലുണ്ടായിരുന്ന കേസുകളുടെ എണ്ണം | | തൻവർഷം കണ്ടെത്തിയ കേസുകൾ | | തൻ വർഷം തീർപ്പാക്കിയ കേസുകൾ | | തീർപ്പാക്കാൻ അവശേഷിക്കുന്ന കേസുകളുടെ എണ്ണം | |
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| 1 | ഗ്രാമ പഞ്ചായത്ത് | 132 | 76032337 | 13 | 969038 | 14 | 588558 | 131 | 76153617 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 3 | 1755984 | 0 | 0 | 0 | 0 | 3 | 1755984 |
| 3 | ജില്ലാ പഞ്ചായത്ത് | 2 | 128603 | 0 | 0 | 0 | 0 | 2 | 128603 |
| 4 | മുനിസിപ്പൽ കൗൺസിൽ | 7 | 2333488 | 1 | 1095902 | 0 | 0 | 8 | **3429390** |
| 5 | മുനിസിപ്പൽ കോർപ്പറേഷൻ | 7 | 607720 | 1 | 14399 | 1 | 37176 | 7 | 598117 |
| 7 | ദേവസ്വം ബോർഡ് | 129 | 13903432.2+393.25 gm gold | 12 | 11344672 | 0 | 0 | 138 | 15160679.2+393.25 gm gold |
| 8 | കെ എച്ച് ആർ ഡബ്ല്യു എസ് | 0 | 0 | 10 | 1230532 | 0 | 0 | 10 | 1230532 |
| **ആകെ** | | **280** | **94761564.2+ 393.25 gm gold** | **37** | **14654543** | **15** | **625734** | **299** | **98456922.2+ 393.25 gm gold** |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## V സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച പത്രിക

| അനുബന്ധം – V | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2016-17സാമ്പത്തിക വർഷാവസാനം തീർപ്പാകാതെ അവശേഷിക്കുന്ന ധനാപഹരണം/സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച വിഷയങ്ങളുടെ വിശകലനം | | | | | | | | | |
| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ട കേസുകൾ | | വകുപ്പുതല നടപടികൾ ആരംഭിച്ചതും എന്നാൽ തീർപ്പാക്കാത്തതുമായ കേസുകൾ | | കോടതികളിൽ ക്രിമിനൽ നടപടികൾ അവശേഷിക്കുന്നകേസുകൾ | | റിക്കവറി ഉത്തരവു പ്രതീക്ഷിക്കുന്ന കേസുകൾ | |
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| 1 | ഗ്രാമ പഞ്ചായത്ത് | 21 | 2320545 | 20 | 31317951 | 13 | 5329952 | 13 | 5671220 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 0 | 0 | 0 | 0 | 0 | 0 | 2 | 1425995 |
| 3 | ജില്ലാ പഞ്ചായത്ത് | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 4 | മുനിസിപ്പൽ കൗൺസിൽ | 1 | 1095902 | 3 | 2227264 | 0 | 0 | 0 | 0 |
| 5 | മുനിസിപ്പൽ കോർപ്പറേഷൻ | 1 | 14399 | 2 | 68326 | 3 | 310000 | 4 | 354324 |
| 6 | യൂണിവേഴ്സിറ്റി | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 7 | ദേവസ്വം ബോർഡ് | 137 | 14764904.2+393.25 gm gold | 0 | 0 | 2 | 497346 | 2 | 1036750 |
| 8 | കെ എച്ച് ആർ ഡബ്ല്യു എസ് | 1 | 2849370 | 0 | 0 | 0 | 0 | 0 | 0 |
| **ആകെ** | | **161** | **21045120.2+ 393.25gm gold** | **25** | **33613541** | **18** | **6137298** | **21** | **8488289** |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# VI പെൻഷൻ പത്രിക

| അനുബന്ധം – VI | | | | | | |
|---|---|---|---|---|---|---|
| 2016-17വർഷം ലഭിച്ചതും തീർപ്പാക്കിയതുമായ പെൻഷൻ പേപ്പറുകളുടെ എണ്ണം കാണിക്കുന്ന പത്രിക | | | | | | |
| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | വർഷാരംഭം തീർപ്പാക്കാനുള്ള പെൻഷൻ കേസുകളുടെഎണ്ണം | തൻവർഷം ലഭിച്ച പെൻഷൻ കേസുകളുടെ എണ്ണം | ആകെ | തീർപ്പാക്കിയ പെൻഷൻ കേസുകളുടെ എണ്ണം | വർഷാവസാനം തീർപ്പാക്കാൻ അവശേഷിക്കുന്നപെൻഷൻ കേസുകളുടെ എണ്ണം |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | ഗ്രാമ പഞ്ചായത്ത് | 57 | 832 | 889 | 838 | 51 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 0 | 0 | 0 | 0 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 0 | 3 | 3 | 3 | 0 |
| 4 | മുനിസിപ്പൽ കൗൺസിൽ | 30 | 515 | 545 | 517 | 28 |
| 5 | മുനിസിപ്പൽ കോർപ്പറേഷൻ | 11 | 578 | 589 | 569 | 20 |
| 6 | യൂണിവേഴ്സിറ്റി | 23 | 877 | 900 | 793 | 107 |
| 7 | ദേവസ്വം ബോർഡ് | 49 | 412 | 461 | 400 | 61 |
| 8 | ക്ഷേമനിധി ബോർഡുകൾ | 0 | 0 | 0 | 0 | 0 |
| 9 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 4 | 43 | 47 | 44 | 3 |
| 10 | എസ് ഐ ഇ പി | 0 | 7 | 7 | 7 | 0 |
| 11 | വികസന അതോറിറ്റികൾ | 1 | 16 | 17 | 15 | 2 |
| 12 | സിൽ | 0 | 16 | 16 | 15 | 1 |
| 13 | കെ എച്ച് ആർ ഡബ്ല്യു എസ് | 18 | 34 | 52 | 52 | 0 |
| 14 | അനാഥാലയങ്ങൾ | 0 | 0 | 0 | 0 | 0 |
| 15 | ആശുപത്രി വികസന സമിതികൾ | 0 | 0 | 0 | 0 | 0 |
| 16 | ലൈബ്രറി കൗൺസിൽ | 0 | 2 | 2 | 2 | 0 |
| 17 | സാംസ്കാരിക സ്ഥാപനങ്ങൾ | 0 | 9 | 9 | 9 | 0 |
| 18 | മറ്റ് സ്ഥാപനങ്ങൾ | 0 | 14 | 14 | 13 | 1 |
| ആകെ | | **193** | **3358** | **3551** | **3277** | **274** |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# VII നിരാകരണം, തടസ്സപ്പെടുത്തൽ - പത്രിക

| അനുബന്ധം – VII | | | | | | | |
|---|---|---|---|---|---|---|---|
| 2016-17 വർഷം ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ, നിരാകരിച്ചതുക, തടസ്സപ്പെടുത്തിയതുക എന്നിവയുടെ വിവരം കാണിക്കുന്ന പത്രിക | | | | | | | |
| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ എണ്ണം | ആകെ വരവ് (തുക ലക്ഷത്തിൽ) | ആകെ ചെലവ് (തുക ലക്ഷത്തിൽ) | നിരാകരിച്ച തുക (തുക ലക്ഷത്തിൽ) | തടസ്സപ്പെടുത്തിയ തുക (തുക ലക്ഷത്തിൽ) | നിരാകരിച്ചതും തടസ്സപ്പെടുത്തിയതുമായ തുക തിരികെ ഈടാക്കിയത് (തുക ലക്ഷത്തിൽ) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | ഗ്രാമ പഞ്ചായത്ത് | 1949 | 1330370.94 | 1324842.93 | 4448.15 | 36710.29 | 1595.13542 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 209 | 256171.75 | 224549.17 | 475 | 4244.82 | 389.13 |
| 3 | ജില്ലാ പഞ്ചായത്ത് | 17 | 101101.63 | 83294.14 | 1384.21 | 9823.67 | 507.47 |
| 4 | മുനിസിപ്പൽ കൗൺസിൽ | 156 | 549301.89 | 313795.81 | 1200.28 | 12512.86 | 440.77 |
| 5 | മുനിസിപ്പൽ കോർപ്പറേഷൻ | 12 | 236447.48 | 203703.90 | 2003.12608 | 16593.67406 | 0.06785 |
| 6 | യൂണിവേഴ്സിറ്റി | 10 | 211587.14 | 179262.73578 | 3123.89988 | 1053.19045 | 0 |
| 7 | ദേവസ്വം ബോർഡ് | 472 | 126555.95 | 100877.43 | 312.57 | 10729.74 | 0 |
| 8 | ക്ഷേമനിധി ബോർഡുകൾ | 25 | 50918.15 | 45461.89 | 20.425 | 564.77 | 0 |
| 9 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 1 | 8752.83 | 12933.24 | 3.29 | 41.53 | 0 |
| 10 | എസ് ഐ ഇ പി | 2 | 1048.32 | 1074.55 | 1.17 | 0.1 | 0 |
| 11 | വികസന അതോറിറ്റികൾ | 5 | 9155.44 | 8051.17 | 4.55 | 326.82 | 0 |
| 12 | സിൽ | 2 | 1690.65 | 1777.47 | 5.41 | 9.04 | 0 |
| 13 | കെ എച്ച് ആർ ഡബ്ല്യു എസ് | 2 | 4310.83 | 4035.59 | 12.31 | 889.63 | 0 |
| 14 | അനാഥാലയങ്ങൾ | 405 | 5396.64 | 5248.62 | 0 | 0 | 0 |
| 15 | ആശുപത്രി വികസന സമിതികൾ | 379 | 812.96 | 755.53 | 0 | 0 | 0 |
| 16 | ലൈബ്രറി കൗൺസിൽ | 38 | 1651.55 | 38972.84 | 0 | 0 | 0 |
| 17 | സാംസ്കാരിക സ്ഥാപനങ്ങൾ | 22 | 13758.35 | 11462.62 | 55.08 | 278.48 | 0 |
| 18 | മറ്റ് സ്ഥാപനങ്ങൾ | 41 | 4803.68 | 3529 | 0 | 2.73 | 0 |
| **ആകെ** | | **3747** | **2913836.18** | **2563628.64** | **13049.46** | **93781.35** | **2932.58** |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# VIII ഓഡിറ്റ് ചാർജ്ജ് കുടിശ്ശിക – സ്ഥാപന പത്രിക

| അനുബന്ധം - VIII | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിവരം കാണിക്കുന്ന പത്രിക | | | | | | | | | | |
| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക ഡിമാന്റ് | തൻവർഷ ഡിമാന്റ് | ആകെ | കുടിശ്ശിക വരവ് | തൻവർഷ വരവ് | ആകെ | കുടിശ്ശിക നീക്കി യിരുപ്പ് | തൻവർഷ നീക്കിയിരിപ്പ് (2016-17 ൽ ഡിമാന്റ് ചെയ്തത്) | ആകെ |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 1 | സർവകലാശാലകൾ | 151579229 | 4652464 | 156231693 | 46792816 | 101777 | 46894593 | 104786413 | 4550687 | 109337100 |
| 2 | ദേവസ്വങ്ങൾ | 30963562 | 0 | 30963562 | 0 | 0 | 0 | 30963562 | 0 | 30963562 |
| 3 | ഹിന്ദു റിലീജിയസ് & ചാരിറ്റബിൾ എൻഡോവ്മെന്റിന് കീഴിലുള്ള ക്ഷേത്രങ്ങൾ | 9446608 | 2535546 | 11982154 | 349074 | 2581143 | 2930217 | 9097534 | -45597 | 9051937 |
| 4 | മറ്റ് സ്ഥാപനങ്ങളും വികസന അതോറിറ്റികളും | 161189187 | 539170 | 161728357 | 0 | 0 | 0 | 161189187 | 539170 | 161728357 |
| 5 | മിസല്ലേനിയസ് സ്ഥാപനങ്ങൾ | 26816482 | 9860526 | 36677008 | 127010 | 826306 | 953316 | 26650161 | 9030655 | 35680816 |
| ആകെ | | 379995068 | 17587706 | 397582774 | 47268900 | 3509226 | 50778126 | 332686857 | 14074915 | 346761772 |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## IX ചാർജ്ജ് / സർചാർജ്ജ് സർട്ടിഫിക്കറ്റ് പത്രിക

**അനുബന്ധം – IX**

**2016-17 കാലയളവിൽ പുറപ്പെടുവിച്ച ചാർജ്ജ്, സർചാർജ്ജ് നോട്ടീസുകളുടെയും സർട്ടിഫിക്കറ്റുകളുടെയും വിവരം കാണിക്കുന്ന പത്രിക**

| വിശദ വിവരം | ചാർജ്ജ് നോട്ടീസുകൾ | | സർചാർജ്ജ് നോട്ടീസുകൾ | |
|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക |
| 2016-17 വർഷം പുറപ്പെടുവിച്ച നോട്ടീസുകളുടെവിവരം | 42 | 89520336 | 313 | 18878411 |
| 2016-17 വർഷം പുറപ്പെടുവിച്ച സർട്ടിഫിക്കറ്റുകളുടെ വിവരം | 2 | 139687 | 43 | 12139441 |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# X ചാരിറ്റബിൾ എൻഡോവ്മെന്റ് തുകകളുടെ - പത്രിക

| അനുബന്ധം – X | |
|---|---|
| **ചാരിറ്റബിൾ എൻഡോവ്മെന്റ് തുകകളുടെ വിവരം കാണിക്കുന്ന പത്രിക (2016-17)** | |
| 31.03.2017 വരെയുള്ള എൻഡോവ്മെന്റുകളുടെ എണ്ണം | 1324 |
| 2016-17 വർഷം പുതുതായി ആരംഭിച്ച എൻഡോവ്മെന്റുകളുടെ എണ്ണം | 2 |
| **നിക്ഷേപതുകകളുടെ വിവരം** | |
| അമാൽഗമേറ്റഡ് ഫണ്ട് | 100600000 |
| ജനറൽ കോർപ്പസ് ഫണ്ട് | 32416217 |
| **ആകെ** | **133016217** |
| **2016-17 വർഷം നിക്ഷേപതുകകൾക്ക് ലഭിച്ച പലിശ** | |
| അമാൽഗമേറ്റഡ് ഫണ്ട് | 8224961 |
| ജനറൽ കോർപ്പസ് ഫണ്ട് | 2954006 |
| **ആകെ** | **11178967** |
| മറ്റ് വരവുകൾ അമാൽഗമേറ്റഡ് ഫണ്ട് കോർപ്പസ് | 3000000 |
| അമാൽഗമേറ്റഡ് ഫണ്ട് തുകകളുമായി ബന്ധപ്പെട്ട ചെലവ് | 140006815 |
| ജനറൽ എൻഡോവ്മെന്റ് തുകകളുടെ പലിശയിനത്തിലെ ചെലവ് | 693293 |
| **ബാക്കി** | **2260713** |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## XI അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ടിൽ തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ 31.03.2017 വരെയുള്ള വിവരം

**അനുബന്ധം - XI**

| നം | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ നമ്പർ | തീർപ്പാക്കാനുള്ള ഖണ്ഡിക | ഖണ്ഡികയുടെ വിവരം | ഖണ്ഡിക തീർപ്പാക്കാൻ ഇതുവരെ കൈക്കൊണ്ട നടപടി | പരാമർശം |
|---|---|---|---|---|---|---|
| 1 | കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറേറ്റ് | No.OA (HQ)/II/III/12/74/ 10-11/ 285 Dtd: 20.5.10 | B I | ഓഡിറ്റ് ഫീ സംബന്ധിച്ച് | കുടിശ്ശിക സംബന്ധിച്ച വിവരം നം.കെ.എസ്.എ. 10086/ഒ & എം 1/ 2016 തീയതിഃ 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട്. | മറുപടി ലഭിച്ചിട്ടില്ല |
| 2 | ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ | No.OA (HQ) II/III/12-522/ 10-11/1443 Dtd: 10.11.10 | B I | പ്രമോഷൻ - റെഗുലറൈസേഷൻ | നം.കെ.എസ്.എ. 10086/ഒ &എം 1/2016 തീയതിഃ 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട്. | മറുപടി ലഭിച്ചിട്ടില്ല |
| 3 | മുനിസിപ്പൽ ഓഡിറ്റ്, കാസർകോഡ് | No. OA(HQ)II/III/12250/11-12/57 Dtd: 5.11.2011 | B III | ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച്. (ഖണ്ഡിക എ.ജി. തീർപ്പാക്കിയിട്ടുണ്ട്. (No.OA (HQ) II/III/12-280/11-12 Dtd: 22.2.2011) | നം. കെ.എസ്.എ.10086/ ഒ &എം 1/2016 തീയതിഃ 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | മറുപടി ലഭിച്ചിട്ടില്ല |
| 4 | ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം | No.OA (HQ) /II/3/12-203/13-14/477 Dtd: 20.9.2013 | B II | സിഡ്കോയിൽ നിന്ന് വാങ്ങിയ സാധനങ്ങൾക്ക് അധിക തുക നൽകിയത് സംബന്ധിച്ച്. ഖണ്ഡിക എ.ജി. | നം.കെ.എസ്.എ. 10086/ഒ &എം 1/ 2016 തീയതി; 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട്. | ടി ഖണ്ഡിക തീർപ്പാക്കാൻ അന്തിമ തീരുമാനം എടുക്കേണ്ടത് ധനകാര്യ വകുപ്പാണ്. അഡീഷണൽ ചീഫ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | തീർപ്പാക്കിയിട്ടുണ്ട്. (No.OA (HQ) Ii/III/12-280/11-12 Dtd: 22.2.2011) | | സെക്രട്ടറിയെ നം.കെ.എസ്.എ. 1322/ഒ & എം1/ 2017 തീയതി: 22.2.2017/6.5.17 പ്രകാരവും നം. കെ.എസ്.എ. 10086/ഒ & എം 1/2016 തീയതി: 6.5.2017 പ്രകാരവും അറിയിച്ചിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല. |
| 5 | കോർപ്പറേഷൻ ഓഡിറ്റ്, കൊച്ചി | No.OA (HQ) II/II/12-36/14-15/117 Dtd: 15.5.2014 | B I | അക്കൗണ്ടുകൾ സമർപ്പിക്കാത്തത് സംബന്ധിച്ച്. | അക്കൗണ്ടുകൾ സമർപ്പിച്ചിട്ടുണ്ട്. വിവരം നം.കെ.എസ്.എ. 10086/ ഒ &എം 1/2016 തീയതി; 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | മറുപടി ലഭിച്ചിട്ടില്ല |
| 6 | കെ.എസ്. എച്ച്. ബി. ഓഡിറ്റ്, തിരുവനന്തപുരം | No.OA(HQ) II/II/12-123/14-15/339 11.7.2014 | B I | ഓഡിറ്റ് ഫീ സംബന്ധിച്ച് | എ.ജി. തീർപ്പാക്കിയിട്ടുണ്ട്. (നം. No. OA(HQ)II/II/12-123/14-15/339 Dtd: 20.10.2014) അഡീഷണൽ ചീഫ് സെക്രട്ടറിയെയും, എ.ജി.യെയും അറിയിച്ചിട്ടുണ്ട്. | മറുപടി ലഭിച്ചിട്ടില്ല |
| 7 | തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഡിറ്റ്, തിരുവനന്തപുരം | No.OA (HQ) II/Ii/12-121/14-15/341 Dtd: 11.7.2014 | B I<br>B II | അധിക തുക കൈപ്പറ്റിയത് സംബന്ധിച്ച്. | നം.കെ.എസ്.എ. 10086/ഒ &എം 1/2016 തീയതി: 18.2.2017 / 29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | ഇതിൽ B II ഖണ്ഡികയിൽ പ്രതിപാദിക്കുന്ന തുക ഈടാക്കിയതായി നം. Admn. A3/80/2016-Fin. Dtd: 18.4.2017 പ്രകാരം അറിയിച്ചിട്ടുണ്ട്. ഈ വിവരം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | എ.ജി.യെ നം. കെ.എസ്.എ. 12864/ ഒ & എം 1/16 തീയതി; 4.5.2016 പ്രകാരം അറിയിച്ചിട്ടുണ്ട്. |
| 8 | ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം | No. OA(HQ) II/II/12-149/14-15/429 Dtd: 31.7.2014 | Part II A I B I | ഓഡിറ്റ് ഫീ കുറച്ച് ഈടാക്കിയത് സംബന്ധിച്ച് | വിവരം നം. കെ.എസ് .എ.10086/ ഒ &എം 1/2016 തീയതി; 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | മറുപടി ലഭിച്ചിട്ടില്ല |
| 9 | കോർപ്പറേഷൻ ഓഡിറ്റ്, തിരുവനന്ത പുരം | No.OA (HQ) II/II/12-266/14-15/765 Dtd: 28.10.14 | B I | ഓഡിറ്റ് റിപ്പോർട്ട് കുടിശ്ശിക സംബന്ധിച്ച്. | കുടിശ്ശിക തീർപ്പാക്കാൻ അദാലത്തുകൾ സംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവരം നം .കെ.എസ് .എ. 10086/ഒ &എം 1/2016 തീയതി; 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | ഇല്ല |
| 10 | ട്രിഡ ഓഡിറ്റ്, തിരുവനന്ത പുരം | No.OA (HQ) II/II/12-267/14-15/800 Dtd: 5.11.2014 | B I | ഓഡിറ്റ് ഫീ സംബന്ധിച്ച് | ഓഡിറ്റ് ഫീ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എ.സി.എസ്.നോട് അപേക്ഷിച്ചിട്ടുണ്ട്. വിവരം നം കെ.എസ്.എ.10086/ ഒ & എം 1/2016 തീയതി: 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | മറുപടി ലഭിച്ചിട്ടില്ല |
| 11 | ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട് | No.OA (HQ) II/II/12-278/14-15/ 829 Dtd: 17.11.14 | B I | അക്കൗണ്ടുകൾ സമർപ്പി ക്കാനുള്ള കാലതാമസം | അക്കൗണ്ടുകൾ സമർപ്പിച്ചിട്ടുണ്ട്. വിവരം നം.കെ.എസ്.എ. 10086/ഒ & എം 1/2016 തീയതി: | മറുപടി ലഭിച്ചിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | |
| 12 | സർവ്വവിജ്ഞാന കോശ ഓഡിറ്റ്, തിരുവനന്തപുരം | No.OA (HQ) II/II/12-301/14-15/911 Dtd: 28.11.14 | B I | ഓഡിറ്റ് ഫീ | ഓഡിറ്റ് ഫീ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എ.സി.എസ്.നോട് അപേക്ഷിച്ചിട്ടുണ്ട്. വിവരം നം.കെ.എസ്.എ. 10086/ഒ & എം 1/2016 തീയതി: 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | മറുപടി ലഭിച്ചിട്ടില്ല |
| 13 | ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ് | No.OA (HQ)II/II/12-477/14-15/1639 Dtd: 1.4.2015 | B I | ഓഡിറ്റ് ഫീ സംബന്ധിച്ച് | ഖണ്ഡിക തീർപ്പാക്കിയിട്ടുണ്ട്. (No.OA(HQ)II/IV/12-477/14-15/276, 277 Dtd: 21.12.2016) വിവരം നം.കെ.എസ്.എ. 10086/ഒ & എം 1/2016 തീയതി: 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | മറുപടി ലഭിച്ചിട്ടില്ല |
| 14 | ഗുരുവായൂർ ദേവസ്വം ഓഡിറ്റ് | No.OA(HQ) II/II/ 12-64/15-16/344 | Part – II B I<br>B II | ഓഡിറ്റ് ഫീ, ആഭ്യന്തര നിയന്ത്രണം എന്നിവ സംബന്ധിച്ച് | (1) ഓഡിറ്റ് ഫീ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എ.സി.എസ്.നോട് അപേക്ഷിച്ചിട്ടുണ്ട്. വിവരം നം. കെ.എസ്.എ.10086/ ഒ&എം 1/2016 തീയതി: 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട്<br>(2) ആഭ്യന്തര നിയന്ത്രണം സംബന്ധിച്ചുള്ള വിവരങ്ങൾ നം.കെ.എസ്.എ. | മറുപടി ലഭിച്ചിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | | | | | (ജി.ആർ.ഡി)ഇ 1-1565/10 തീയതിഃ 15.12.16 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട്. | |
| 15 | കേരള ആരോഗ്യസർവ്വകലാശാല ഓഡിറ്റ്, തൃശ്ശൂർ | No.OA(HQ) II/II/12-132/15-16 Dtd: 29.8.15 | Part II B I | ഓഡിറ്റ് ഫീ സംബന്ധിച്ച് | ഓഡിറ്റ് ഫീ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എ.സി.എസ്.നോട് അപേക്ഷിച്ചിട്ടുണ്ട്. വിവരം നം. കെ.എസ്.എ.10086/ ഒ & എം 1/2016 തീയതി: 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | മറുപടി ലഭിച്ചിട്ടില്ല. |
| 16 | ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ | No.OA(HQ) II/II/12-221/15-16/914 Dtd: 4.12.15 | Part II BI | അക്കൗണ്ടുകൾ സമർപ്പിക്കാത്തത് സംബന്ധിച്ച് | അക്കൗണ്ടുകൾ സമർപ്പിച്ചിട്ടുണ്ട്. വിവരം നം.കെ.എസ്.എ. 10086/ഒ & എം 1/2016 തീയതി: 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | മറുപടി ലഭിച്ചിട്ടില്ല. |
| 17 | ജി.സി.ഡി.എ. ഓഡിറ്റ്, എറണാകുളം | No.OA.(HQ) II/IV/12-325/15-16/2810 Dtd: 8.4.2016 | Part II BI | ഓഡിറ്റ് ഫീ സംബന്ധിച്ച് | ഓഡിറ്റ് ഫീ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എ.സി.എസ്.നോട് അപേക്ഷിച്ചിട്ടുണ്ട്. വിവരം നം.കെ.എസ്.എ. 10086/ഒ & എം 1/2016 തീയതി: 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | മറുപടി ലഭിച്ചിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| 18 | മുനിസിപ്പൽ ഓഡിറ്റ്, ആലുവ | No.OA(HQ) /II/II/12-317/ 15-16/27 Dtd: 18.4.16 | Part – II B I Sub Para - 3 | സേവന പുസ്തകം സംബന്ധിച്ച് - അധിക വേതനം പറ്റിയത് സംബന്ധിച്ച് | (1) ഖണ്ഡിക B I എ.ജി. തീർപ്പാക്കിയിട്ടുണ്ട്. ( നം. OA(HQ) II/IV/12-317/10-11/ 270, 271 Dtd: 21.11.16) (2) അധികം പറ്റിയ തുക ചെലാൻ നം. 222/2.7.16 പ്രകാരം എസ്.ബി.ടി. ആലുവയിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. വിവരം നം. കെ.എസ്.എ.10086/ ഒ & എം 1/2016 തീയതി: 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | മറുപടി ലഭിച്ചിട്ടില്ല. |
| 19 | ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം | No.OA(HQ) /II/IV/ 12-316/ 15-16 Dtd: 12.4.16 | Part – II B I<br><br>B II B III, B IV | ഓഡിറ്റ് ഫീ, കാഷ് ബുക്ക് പരിപാലനം, പുനരുപയോഗി ക്കാൻ കഴിയാത്ത സാധനങ്ങൾ സംബന്ധിച്ച്, ആർജ്ജി താവധി കണക്ക് കൂട്ടിയതിൽ പിശക് എന്നിവ സംബന്ധിച്ച് | മറുപടി നം.കെ.എസ്.എ.- ഇ.കെ.എം. (ഫി1)/2102/16 തീയതിഃ 5.12.16 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട്. വിവരം ഒരിക്കൽ കൂടി നം.കെ.എസ്.എ. 10086/ഒ & എം 1/2016 തീയതിഃ 18.2.2017/29.5.17 പ്രകാരം എ.ജി.യെ അറിയിച്ചിട്ടുണ്ട് | മറുപടി ലഭിച്ചിട്ടില്ല. |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**